1997 മെയ് മുതൽ 1998 ഏപ്രിൽ വരെയും 1998 മേയ് മുതൽ 1999 മേയ് വരെയും സംസ്ഥാനത്തെ നെല്ലുല്പാദനം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

1997 മേയ് മുതൽ 1998 ഏപ്രിൽ വരെ സംസ്ഥാനത്ത് 11.585 ലക്ഷം മെട്രിക്ടൺ നെല്ല് ഉല്പാദിപ്പിച്ചിട്ടുണ്ട്. 1998 മേയ് മുതൽ 1999 മേയ് വരെയുള്ള ഉല്പാദനം കണക്കാക്കി വരുന്നു.

117 (1849) ഉല്പാദന ബോണസ്

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം നെൽക്കൃഷിക്കാർക്ക് ഉല്പാദന ബോണസിന് എത്ര രൂപ ചെലവ് വന്നിട്ടുണ്ട്;

(ബി) ഈ സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്ക് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷത്തിൽ ഉല്പാദന ബോണസിനായി 1063 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ 1063 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

118 (1850) പാഡിബോർഡ് രൂപീകരണം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഡി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് നടപ്പിൽ വരുത്താനാവുമെന്നാണ് കരുതുന്നത്;

(സി) പാഡി ബോർഡ് രൂപീകരണത്തെ സംബന്ധിച്ച് കൃഷി വകുപ്പ് മന്ത്രി ഏതെങ്കിലും പത്ര സമ്മേളനത്തിൽ പ്രതിപാദിച്ചിരുന്നുവോ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് രൂപീകരിച്ച് നടപ്പിലാക്കുമെന്നാണ് പ്രസ്താവിച്ചിരുന്നത്;

(ഇ) പാഡി ബോർഡ് രൂപീകരണത്തിന് കാലതാമസമുണ്ടാകുന്നെങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷം നടപ്പിൽ വരുത്താനാണുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly